കേരള സാഹിത്യ അക്കാദമി
പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com   വെബ്സൈറ്റ്: www keralasahityaakademi.org

02.08.2017

**പത്രക്കുറിപ്പ്:**

# രാമായണം കാരുണ്യത്തിന്റെ മഹേതിഹാസം

## ഡോ.സുനിൽ പി. ഇളയിടം

ഇന്ത്യ ഉയർത്തിപ്പിടിച്ച കരുണയെന്ന അതിപ്രധാനമായ ജീവിതമൂല്യത്തെ സൗന്ദര്യാത്മകമായി സംഗ്രഹിച്ച മഹാകാവ്യമാണ് രാമായണം എന്ന് ഡോ.സുനിൽ പി. ഇളയിടം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കുന്ന രാമായണപ്രഭാഷണപരമ്പരയുടെ സമാപനദിനത്തിൽ *രാമായണത്തിന്റെ ബഹുസ്വരജീവിതം* എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബുദ്ധനിൽനിന്നു തുടങ്ങി, അശോകനിലൂടെ പടർന്ന്, ഭക്തകവികളിലൂടെ ജനകീയമായതാണ് രാമായണത്തിലെ കാരുണ്യമെന്ന മൂല്യം. ആധുനിക കാലത്ത് ഗാന്ധിയും ശ്രീനാരായണഗുരുവും പിന്തുടരാൻ ശ്രമിച്ചത് ഈ മഹത്തായ തത്ത്വങ്ങളെയാണ്. അവസാനമില്ലാത്ത സത്യബോധത്തിന്റെ പ്രതീകമാണ് ഗാന്ധിക്ക് മര്യാദാപുരുഷനായ രാമൻ. നാരായണഗുരുവിന് അനുകമ്പയുടെ അദ്വൈതരൂപമാണ് രാമൻ. ഹിംസയോട് അരുതേ എന്നു വിലക്കുന്ന കാരുണ്യത്തിന്റെ കവിതയാണ് രാമായണം. കിളിയുടെ കരച്ചിലിൽനിന്നാണ് ആദികാവ്യത്തിന്റെ പിറവി. കാട്ടാളനെ കവിയാക്കിമാറ്റിയ രാമായണത്തെ ഇന്ന് അക്രമത്തിനുള്ള പ്രത്യയശാസ്ത്രമാക്കി ഹൈന്ദവപുനരുദ്ധാരണവാദികൾ മാറ്റിയെടുക്കുന്നു. വില്ലുകുലച്ചുനിൽക്കുന്ന പരാക്രമശാലിയായ രാമബിംബത്തെയല്ല, രാമായണം അവതരിപ്പിക്കുന്നത്. തെരുവുകൾ തോറും ഉയർത്തിയ അക്രമാസക്തനായ രാമന്റെ ചിത്രങ്ങൾ പ്രചരിപ്പിക്കുന്നത് ഹിംസയുടെ സന്ദേശമാണെന്നും അദ്ദേഹം പറഞ്ഞു.

ഭക്തിപ്രസ്ഥാനത്തിന്റെ പ്രഭാവകാലത്ത് രാമായണം ജാതിമതഗോത്രങ്ങൾക്കതീതമായി മനുഷ്യത്വം ഉയർത്തിപ്പിടിച്ചുവെന്ന് അധ്യക്ഷത വഹിച്ച അക്കാദമി നിർവാഹകസമിതി അംഗം ആലങ്കോട് ലീലാകൃഷ്ണൻ പറഞ്ഞു. ആദ്യത്തെ സാമൂഹ്യനവോത്ഥാനശില്പികൾ രാമായണകവികളാണ്. പൗരോഹിത്യം ഭക്തിയും ജ്ഞാനവും കുത്തകയാക്കിവെച്ച കാലത്ത് അവയെ ജനകീയമാക്കുകയായിരുന്നു രാമായണകർത്താക്കൾ ചെയ്തത്. ഇന്ന് എല്ലാ അർത്ഥസാദ്ധ്യതകളെയും നിരാകരിച്ച് വർഗ്ഗീയവാദികൾ രാമായണത്തെ ഏകമുഖമാക്കി ചുരുക്കിയെടുക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സമാപനപ്രഭാഷണം നടത്തി. അക്കാദമി അംഗം ടി.ഡി.രാമകൃഷ്ണൻ സ്വാഗതവും പുഷ്പജൻ കനാരത്ത് നന്ദിയും പറഞ്ഞു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

JM